**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 450** **05-07-2024 - ൽ മറുപടിയ്ക്ക്**

**കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച കായിക നയം കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033 ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023 ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും ഇവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ, മികച്ച പ്രകടനം നടത്തുന്നവരുടെ ടാലന്റ് പൂൾ, മികച്ച പരിശീലകരുടെ പൂൾ എന്നിവ ഈ ലക്ഷ്യത്തോടുകൂടി വികസിപ്പിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.<br><br>ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന |

| | | | |
|---|---|---|---|
| | | | പരിസ്ഥിതിയിൽ മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം, ആരോഗ്യം, പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവ ശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്ക് നയം ഊന്നൽ നൽകുന്നു. |
| (ബി) | സംസ്ഥാനത്തെ കായിക സാക്ഷരത വർദ്ധിപ്പിക്കുന്നതിനും നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുന്നതിനും പ്രസ്തുത കായിക നയത്തിൽ നിർദ്ദേശങ്ങളുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായികവ്യായാമ സാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയും ഉള്ള ഊർജ്ജസ്വലമായ കായികസംസ്കാരം രൂപപ്പെടുത്തുന്നതിന് കായിക നയം ലക്ഷ്യമാക്കുന്നുണ്ട്. സാമൂഹിക സേവനവും കായിക പ്രതിഭകളും, അടിസ്ഥാന സൗകര്യങ്ങൾ, ശാസ്ത്രീയ പിന്തുണ, വിദ്യാഭ്യാസം, മികച്ച ഭരണവും തന്ത്രപരമായ ആസൂത്രണവും തുടങ്ങിയ അഞ്ച് ആധാരശിലകൾ അടിസ്ഥാനമാക്കിയുള്ള കായികസംസ്കാരത്തിന്റെ അടിത്തറ രൂപപ്പെടുത്തുന്ന കാഴ്ച്ചപ്പാടുകളാണ് കായികനയം മുന്നോട്ട് വയ്ക്കുന്നത്.<br><br>എല്ലാവർക്കും സ്പോർട്സ് എന്നതിന് ഊന്നൽ നൽകി കൊണ്ട് സമൂഹത്തിലെ എല്ലാവിഭാഗങ്ങൾക്കും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം സൃഷ്ടിക്കുകയും, ഓൺലൈനായുള്ള സ്പോർട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുക, ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്കുള്ള അടിത്തറ പാകുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. കൂടാതെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, സ്പോർട്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരുവാനും, സ്പോർട്സ് അടിസ്ഥാന സൗകര്യ നിർമ്മാണം, സ്പോർട്സ് മേളകൾ, സ്പോർട്സ് അക്കാഡമികളുടെ നിർമ്മാണം എന്നിവയിൽ സ്വകാര്യമേഖലയിൽ നിന്നും നിക്ഷേപം ക്ഷണിക്കുവാനും കായിക നയം കൊണ്ട് ഉദ്ദേശിക്കുന്നു. |
| (സി) | മികച്ച കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പ്രാദേശികതലത്തിലെ കായിക പ്രവർത്തനങ്ങൾ | (സി) | കായിക പ്രവർത്തനം താഴെത്തട്ടിൽ സജീവമാക്കുന്നതിന് വികേന്ദ്രീകരണ മാതൃക നയം നിർദേശിക്കുന്നു. ഗ്രാമീണ മേഖലയിൽ അടിസ്ഥാന |

സജീവമാക്കുവാൻ പ്രസ്തുത നയത്തിൽ നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

സൗകര്യ വികസനത്തിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

2000 ലെ കേരള സ്പോർട്സ് ആക്റ്റ്, 2008 ലെ കേരള സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരം കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് 29/12/2021 ലെ സ.ഉ.(കൈ)നം. 304/2021/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കായിക പ്രവർത്തനങ്ങൾ താഴെ തട്ടിൽ സജീവമാക്കാനും ശാരീരികക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രസക്തമായ സംവിധാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിൽ.

സ്വകാര്യ മേഖലയിൽ നിരവധി ടർഫുകളും ഇൻഡോർ കോർട്ടുകളും നിലവിൽ വന്നിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടുള്ള സമഗ്രമായ പരിപാടികൾ നയം വിഭാവനം ചെയ്യുന്നു. അതത് പ്രദേശങ്ങൾക്ക്/ കമ്മ്യൂണിറ്റികൾക്ക് അനുയോജ്യമായ പരിശീലന പരിപാടികൾ സൃഷ്ട്ടിക്കുകയും ഇത്തരത്തിൽ സ്കൂളുകളിൽ നിന്നോ കമ്മ്യൂണിറ്റി സ്പോർട്സ് രംഗത്ത് നിന്നോ തിരഞ്ഞെടുക്കപ്പെടുന്ന കായിക പ്രതിഭകളെ സംസ്ഥാനത്തിന്റെ ഔദ്യോഗിക സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ മികവുറ്റ താരങ്ങളും പ്രൊഫഷണലുകളും ആയി വളർത്തിയെടുക്കുകയും തുടർന്ന് അവരെ മാനേജർമാർ, പരിശീലകർ, പ്രൊമോട്ടർമാർ, സ്പോർട്സ് വിദഗ്ധർ എന്നിങ്ങനെ വിവിധ നിലകളിൽ സംസ്ഥാനത്തെ കായിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നത് നയം വിഭാവനം ചെയ്യുന്നു.

ജനപ്രിയ കായികവിനോദങ്ങൾക്ക് കൂടുതൽ പ്രാധാന്യവും മുൻഗണനയും ഉണ്ട്. കാരണം അവ സംസ്ഥാനത്തുടനീളം കളിക്കുകയും കൂടുതൽ ആളുകൾ അതിൽ പങ്കെടുക്കുകയും ചെയ്യുന്നു എന്നതു തന്നെ. ഇത് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നു. മത്സരങ്ങളായും പരിശീലനമായും തുടർച്ചയായുള്ള പ്രവർത്തനങ്ങൾ അവിടെ നടക്കുന്നു. ലീഗുകൾ, ചാമ്പ്യൻഷിപ്പുകൾ, കോച്ചിങ്, പ്രൊഫഷണൽ ക്ലബ്ബുകൾ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങളുടെ സാധ്യത ജനപ്രിയ കായികരംഗത്തുണ്ട്. ആളുകൾ ഇതിലേക്ക് ആകർഷിക്കപ്പെടുമ്പോൾ എല്ലാ

| | | | |
|---|---|---|---|
| | | | മേഖലകളിലും മികച്ച പങ്കാളിത്തവും പ്രതീക്ഷിക്കാം. ഈയിനങ്ങളിൽ വളർച്ചാ സാധ്യതകൾ പ്രകടമാണ്. അതിനെ പിന്തുണയ്ക്കാനുള്ള ഒരു സംവിധാനം രൂപവൽക്കരിക്കും. ദേശീയ, അന്തർദേശീയ തലങ്ങളിൽ ഈ ജനപ്രിയ കായികവിനോദങ്ങൾക്ക് പൊതുവെ കൂടുതൽ മുൻഗണനയും ഊന്നലും ലഭിക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങളുടെ വലിയൊരു ഭാഗം അതിനെ ചുറ്റിപ്പറ്റിയാണ് നടക്കുന്നത്. ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ്, നീന്തൽ, സൈക്ലിങ്, ബാഡ്മിന്റൺ എന്നിവയാണ് കേരളത്തിലെ ഏറ്റവും പ്രശസ്തമായ കായികവിനോദങ്ങൾ. ഈ കായികയിനങ്ങൾ കേന്ദ്രീകരിച്ചുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിക്കും. സ്പോർട്സ് അസോസിയേഷനുകളുമായി സഹകരിച്ചും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേനയുമാണ് ഇത് ചെയ്യുന്നത് എന്നും കായികനയത്തിൽ വ്യക്തമാക്കിയിരിക്കുന്നു. |
| (ഡി) | പ്രസ്തുത നയത്തിന്റെ ഭാഗമായി കായിക രംഗത്ത് പുതിയ സാങ്കേതികവിദ്യകളും നൂതനാശയങ്ങളും കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | സ്പോർട്സ് സയൻസിന്റെയും സ്പോർട്സ് മെഡിസിന്റെയും അനുബന്ധ സാങ്കേതിക വിദ്യകളുടെയും കാലിക പ്രസക്തി ഉൾക്കൊണ്ട് സംസ്ഥാനത്ത് തന്നെ ഗവേഷണ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് നയം നിർദേശിക്കുന്നുണ്ട്. കായികനയത്തിന്റെ ഭാഗമായി കായികരംഗത്ത് പുതിയ സാങ്കേതിക വിദ്യകളും, നൂതനാശയങ്ങളും കൊണ്ടുവരുന്നത് സംബന്ധിച്ച് കായികനയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ ആദ്യ പടിയായി അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിക്കുകയും ഇതിൽ അവതരിപ്പിക്കപ്പെട്ട നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുകയും ചെയ്യുന്നു. ഇ-സ്പോർട്സ് സെന്ററുകൾ, കോളേജ് സ്പോർട്സ് ലീഗുകൾ, ഹൈ പെർഫോമൻസ് സെന്റർ എന്നിവ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.<br><br>കായികഗവേഷകരും സ്പോർട്സ് മെഡിസിൻ വിദഗ്ധരും അനലിസ്റ്റുകളും ന്യൂട്രിഷ്യൻ സ്പെഷ്യലിസ്റ്റുകളും ഒക്കെ അടങ്ങുന്ന ഒരു ടീം നൽകുന്ന നിർദേശങ്ങൾ മികവിലേക്ക് ഉയരാൻ കായികതാരങ്ങളെ പ്രാപ്തരാക്കും. കേരളത്തിൽത്തന്നെ ഗവേഷണപഠനസൗകര്യങ്ങൾ ഒരുക്കി മികച്ച കായികശാസ്ത്രജ്ഞരെ വാർത്തെടുക്കാൻ നയം ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ